(ഇ) തിരുവനന്തപുരം അന്തർദേശീയ ചലച്ചിത്രമേളയിൽ മലയാള സിനിമയുടെ അന്തർദേശീയ വിപണനത്തിനായി ഫിലിം മാർക്കറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിനോദ നികുതി ഈടാക്കുന്നത്. ഇത് ഇളവ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) ചലച്ചിത്ര നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നില്ല. എന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചിത്രീകരിക്കുന്ന ചലച്ചിത്രങ്ങൾക്ക് ആകർഷകമായ നിരക്കിലുള്ള വിവിധ പാക്കേജ് പദ്ധതികളും ക്രെഡിറ്റ് സമ്പ്രദായങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

(ഇ) ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഫിലിം മാർക്കറ്റ് ഒരുക്കുന്നുണ്ട്.

കലാകാരൻമാർക്കുവേണ്ടി പ്രത്യേക ക്ഷേമനിധി

94 (5265) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കലാകാരന്മാർക്കുവേണ്ടി പ്രത്യേക ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) എന്നത്തേയ്ക്ക് ഈ ക്ഷേമനിധി നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കലാസാംസ്കാരിക സാഹിത്യ മേഖലകളിലെ എല്ലാവർക്കുമായി ഒരു ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) സാംസ്കാരിക ക്ഷേമനിധിയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് വിശദമായി പരിശോധിച്ചുവരുന്നു.

(സി) ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ബിൽ നിയമമായാലുടൻ ക്ഷേമനിധി നിലവിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly